നിലവിൽ 5 തസ്തികകളിലായി 41 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നു. 9 പേരെ സെക്യൂരിറ്റി ഗാർഡുമാരായി നിയമിച്ചിട്ടുണ്ട്. അതിൽ 3 പേർ പിരിഞ്ഞുപോകുകയും 6 പേരെ 2015 ഡിസംബറിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഗാർഡൻ സൂപ്പർവൈസർ തസ്തികയിൽ ഒരാൾക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വർഷങ്ങളായി ദിവസക്കൂലി തസ്തികയിൽ ജോലി ചെയ്തിരുന്ന ഒരാളെ ഡ്രൈവർ തസ്തികയിലും രണ്ടുപേരെ ഡോബി തസ്തികയിലും സ്ഥിരനിയമനം നൽകിയിട്ടുണ്ട്. പൊതുഭരണ വകുപ്പിനു കീഴിലുള്ള സൈനിക ക്ഷേമ വകുപ്പിൽ അനുവദിക്കപ്പെട്ട തസ്തികയിൽ ദിവസക്കൂലി വ്യവസ്ഥയിൽ രണ്ടു പേരെ നിയമിച്ചിട്ടുണ്ട്. ഇവിടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. മറ്റു വകുപ്പുകളെയും തസ്തികകളെയും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം 4 ഫുൾ ടൈം ഗാർഡനർമാർക്കും 12 ഫുൾ ടൈം സ്വീപ്പർമാർക്കും ശമ്പള സ്കെയിലുള്ള തസ്തികകളിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 63 ടൈപ്പിസ്റ്റുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ രണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നൽകിയ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. പൊതുഭരണ വകുപ്പിനു കീഴിലുള്ള സൈനിക ക്ഷേമം വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 74 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് മുഖേനയും വകുപ്പ് മേധാവികളുടെ ഉത്തരവ് മുഖേനയും ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

18 (1750) ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഏകദിന കർമ്മ പരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മേയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും ഉണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിയ്ക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്.

(സി) ഫയൽ അദാലത്തുകളിൽ കൂടി വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്ത് തന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ നീക്കം സുഗമമാക്കുന്നതിനുമായി 4-8-2015-ലെ 12960/എ.ആർ. 14(2)/15/ഉഭവ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം

19 (1751) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വകുപ്പുകളിലായി ജോലിനോക്കുന്ന സർക്കാർ ജീവനക്കാരുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly